**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** — **19-06-2024 - ൽ മറുപടിയ്ക്ക്**

**ഗിഗ് തൊഴിലാളികളുടെ അവകാശസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഗിഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വളരുന്ന സമ്പദ് വ്യവസ്ഥയിലേയും ആധുനിക സേവന മേഖലയിലേയും ഒഴിച്ചുകൂടാനാവാത്ത പ്രധാന വിഭാഗമായ ഗിഗ് തൊഴിലാളികളുടേയും അവരുടെ പ്രാഥമിക തൊഴിൽ ഉടമകൾ, അഗ്രഗ്രേറ്റർമാർ എന്നിവരുടേയും സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്ന ഒരു നിയമവും നിലവിലില്ലാത്ത സാഹചര്യത്തിൽ ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗ്രേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുമായി കേരള സംസ്ഥാന പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബിൽ എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ഗിഗ് മേഖലയിൽ വെബ്ബിന്റെയും ലൊക്കേഷന്റെയും അടിസ്ഥാനത്തിലും ഐ.ടി. മേഖലയിൽ സ്വതന്ത്ര സേവന ദാതാക്കളായും തൊഴിലെടുക്കുന്നവരുടെ തൊഴിൽ സ്ഥിരതയും മറ്റാനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഗിഗ് തൊഴിലാളികൾക്കായി ഉദ്ദേശിക്കുന്ന നിയമനിർമ്മാണ ബില്ലിൽ ഒരു ക്ഷേമനിധി ബോർഡിനുകീഴിൽ ഗിഗ് തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഒരു ക്ഷേമനിധി പദ്ധതിയും പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികൾക്കായി കേരള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാരുടെ ക്ഷേമനിധി പദ്ധതി എന്ന മറ്റൊരു പദ്ധതിയും രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംവിധാനവും പ്രസ്തുത ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ബിൽ നിയമമാകുന്ന മുറയ്ക്ക് ഗിഗ് മേഖലയിൽ |

| | | | |
|---|---|---|---|
| | | | തൊഴിലെടുക്കുന്നവരുടെ തൊഴിൽ സ്ഥിരതയും മറ്റാനുകൂല്യങ്ങളും ഉറപ്പാക്കപ്പെടുന്നതാണ്. |
| (സി) | 2020-ൽ സോഷ്യൽ സെക്യൂരിറ്റി കോഡ് നടപ്പാക്കിയെങ്കിലും ഗിഗ് തൊഴിലാളികൾക്ക് കാര്യമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | സോഷ്യൽ സെക്യൂരിറ്റി കോഡ് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കുന്ന തീയതി സംബന്ധിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ പേയ്മെന്റ് സിസ്റ്റത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതി പരിഹാരത്തിനുള്ള ശ്രമങ്ങൾ ലേബർ കമ്മീഷണർ തലത്തിൽ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഗിഗ് തൊഴിലാളികളുടെ തൊഴിൽസാഹചര്യങ്ങൾ പഠിക്കുന്നതിനും തൊഴിൽമേഖലയിലെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | ഗിഗ് മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുതകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി സാങ്കേതിക രംഗത്ത് വൈദഗ്ധ്യമുള്ള വിവിധ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. ഗിഗ് തൊഴിലാളികൾക്കായി സമഗ്രമായ നിയമനിർമ്മാണം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ